ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് ഭരണപരിഷ്ക്കാരവകുപ്പ് സമഗ്ര പഠനം നടത്തിവരികയാണ്.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം ശക്തമാക്കാൻ നടപടി

94 (1149) ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരളത്തിൽ ഇപ്പോൾ എത്ര വാഹനങ്ങളാണ് രജിസ്റ്റർ ചെയ്ത് നിരത്തിൽ ഓടുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ രജിസ്ട്രേഷൻ, പെർമിറ്റ് നൽകൽ, ഓണർഷിപ്പ്, ട്രാൻസ്ഫർ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയ ജോലികൾക്കായി ഏതെല്ലാം യോഗ്യതയുള്ള എത്ര ജീവനക്കാർ ആവശ്യം ഉണ്ട് എന്ന കാര്യത്തിൽ എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അത്തരത്തിലൊരു പഠനം നടത്തി ആവശ്യമായ ജീവനക്കാരെ നിയമിച്ച് മോട്ടാർ വാഹന വകുപ്പിന്റെ പ്രവർത്തനം ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 30-9-1999 വരെ 17,41,539 (പതിനേഴ് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തൊൻപത്) വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് ഓടുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൽ 1996-ലെ പഠനങ്ങളുടെ വെളിച്ചത്തിൽ മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, എൽ.ഡി. ക്ലർക്ക് എന്നീ തസ്തികകളിൽ 19 വീതം (ആകെ 57) തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശ കൂടി കണക്കിലെടുത്ത് വീണ്ടും ഒരു സമഗ്ര പഠനം നടത്താൻ ഭരണപരിഷ്ക്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly